കടക്കാർക്ക് ഓരോ മാസവും ഡാൽമിയ കൊടുക്കണമെന്നുമുള്ള വ്യവസ്ഥയോടുകൂടി ഡാൽമിയ അതു നടത്തുന്നതിന് വിധിയുണ്ടാവുകയും ചെയ്തു. ആ വിധിയുടെ അടിസ്ഥാനത്തിൽ എങ്ങനെ നടത്തണമെന്നതിനെസംബന്ധിച്ച് ഞാൻ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി. ആ കോൺഫറൻസിൽ തൊഴിലാളിയൂണിയനുകാരും മാനേജ്മെൻറിനും രമ്യമായ ഒരു തീരുമാനത്തിൽ എത്തിച്ചേരാൻ കഴിഞ്ഞില്ല. അതെ തുടർന്നു ഈ മാസം 30-ാം തീയതി 4 മണിക്ക് വീണ്ടും അതിനെ സംബന്ധിച്ച് ആലോചിക്കുന്നതിന് ഒരു കോൺഫറൻസ് വച്ചിരിക്കുകയാണ്. അന്ന് ഒരു സെറ്റിൽമെൻറ് ഉണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. വി. സുരേന്ദ്രൻപിള്ള: സർ, ഒരു കോൺഫറൻസ് നടത്തിയതിൽ പരിഹാരമുണ്ടായില്ലെന്നും അടുത്ത കോൺഫറൻസ് നടത്താൻ പോകുകയാണെന്നും മന്ത്രി പറഞ്ഞു. തൊഴിലാളികളുടെ ന്യായമായ അവകാശങ്ങളെ നിഷേധിക്കുന്ന സമീപനം മാനേജ്മെൻറ് എടുത്താൽ നിയമനടപടികളുപയോഗിച്ച് കമ്പനി തുറന്നുനടത്തിക്കുവാനുള്ള നടപടി ഗവൺമെൻറ് സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: ബഹുമാനപ്പെട്ട മെമ്പർ ഒരു കാര്യം മനസ്സിലാക്കണം. കമ്പനിയിപ്പോഴും കടക്കാരുടെ വകയാണ്. അതിൽ ഗവൺമെൻറിന് ഒന്നുംചെയ്യാനില്ല. കമ്പനി ജപ്തിചെയ്തോ വിറ്റോ എങ്കിലും കടക്കാരുടെ പണം കൊടുക്കണമെന്നാണ് ബോംബെ ഹൈക്കോടതിയുടെ തീരുമാനം. തൊഴിലാളികളെ അവിടെപ്പോയി വക്കാലത്തുകൊടുത്തതുകൊണ്ട് തൊഴിലാളികളുടെ ബുദ്ധിമുട്ട് പരിഗണിച്ചാണ് കമ്പനിനടത്തുന്നതിന് കോടതി അനുവദിച്ചത്. കോടതിയുടെ വ്യവസ്ഥകൾക്ക് വിധേയമായി ഇരു കൂട്ടരും അടിയന്തരാവസ്ഥ മനസ്സിലാക്കി തീരുമാനം എടുത്തില്ലെങ്കിൽ ഗവൺമെൻറിന് ഒന്നും ചെയ്യാൻപറ്റാത്ത പരിതാപകരമായ സ്ഥിതിയുണ്ടാകും. കമ്പനി കടക്കാർ കൊണ്ടുപോകുന്ന സ്ഥിതി വരും.

III. സബ്മിഷൻ

(1) ചിറയിൻകീഴ് താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രി

ശ്രീ. പി. വിജയദാസ്: സർ, ചിറയിൻകീഴ് താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയുടെ സ്ഥിതിയാണ് ഞാൻ സൂചിപ്പിക്കുന്നത്. 4 വർഷം മുമ്പ് അവിടെ ഒരു പുതിയ കെട്ടിടത്തിൻെറ പണി ആരംഭിച്ചു. അതിൻെറ പണി പകുതിയായപ്പോൾ കോൺട്രാക്ടർ പണി നിർത്തിവെച്ചുപോയിരിക്കുകയാണ്. ഇപ്പോൾ പകുതി പണി പൂർത്തിയായികിടക്കുന്ന കെട്ടിടംകൊണ്ട് ഗവൺമെൻറിനോ രോഗികൾക്കോ യാതൊരു ഉപയോഗവുമില്ല. അതുകൊണ്ട് അടിയന്തിരമായി അതിൻെറ പണി പൂർത്തിയാക്കണം. പുതിയ ഒരു ടെൻഡർവിളിച്ച് പുതിയ ആളിനെ പണി ഏൽപ്പിക്കുവാനുള്ള നടപടി സ്വീകരിക്കണം. താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയായപ്പോൾ മുമ്പുണ്ടായിരുന്നതിനേക്കാളും കിടക്കകളുടെ എണ്ണം കുറഞ്ഞ സ്ഥിതിയാണുള്ളത്. ഈ സാഹചര്യം കണക്കിലെടുത്ത് കെട്ടിടത്തിൻെറ പണി അടിയന്തിരമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

Page 1

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ആ ആശുപത്രികെട്ടിടത്തിന്റെ പണി ഭാഗികമായേ തീർന്നിട്ടുള്ളൂ. അതു പൂർത്തിയാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇനി അത് പൂർത്തിയാക്കുന്നതിന് ഏതാണ്ട് 6 ലക്ഷം രൂപ വേണ്ടിവരും. എന്നാൽ ബഡ്ജറ്റിൽ 40,000 രൂപ മാത്രമേ വകകൊള്ളിച്ചിട്ടുള്ളൂ. എങ്കിൽപ്പോലും അതിന് മുൻഗണന കൊടുത്ത് പണി ഏറെടുത്ത് നടത്താൻവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(2) കടൽക്ഷോഭം നിമിത്തം മലബാർ തീരത്ത് മൽസ്യത്തൊഴിലാളികൾ നേരിടുന്ന തൊഴിലില്ലായ്മയും പട്ടിണിയും

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, എന്റെ നിയോജകമണ്ഡലത്തിൽ വിശേഷിച്ചു മലബാർ പ്രദേശത്ത് കടലാക്രമണംമൂലം കടൽതീരം ആകപ്പാടെ പ്രക്ഷുബ്ധമായ ഒരവസ്ഥയിൽ എത്തിയിരിക്കുകയാണ്. മൽസ്യത്തൊഴിലാളികൾക്ക് കടലിൽപോകാൻ പറ്റാത്ത സാഹചര്യമാണുണ്ടായിരിക്കുന്നത്. ഇന്നലത്തെ ദീപിക പത്രത്തിൽവന്ന റിപ്പോർട്ടിലെ രണ്ടുമൂന്നു വാചകങ്ങൾ ഞാൻ വായിക്കാം. "വൈകിയാണെങ്കിലും കാലവർഷം കലിതുള്ളി വന്നതോടെ മലബാറിലെ തീരദേശവാസികൾ ദുരിതത്തിന്റെ തീച്ചൂളയിലാണ്. കനത്ത മഴയെക്കാൾ തീരദേശവാസികളെ വല്ലാതെ അലട്ടുന്നത് ആഞ്ഞടിക്കുന്ന കാറ്റും കടൽക്ഷോഭവുമാണ്. മലബാർ പ്രദേശത്തെ മൽസ്യത്തൊഴിലാളികൾ അടുത്ത കുറേ വർഷങ്ങളായി നിത്യദാരിദ്ര്യത്തിലാണ്. പട്ടിണിക്കുമീതെ കടൽക്ഷോഭം കൂടി വന്നപ്പോൾ അവരാകെ തളർന്നിരിക്കുകയാണ്. കണ്ണീരിൽ കഴിയുന്ന മൽസ്യത്തൊഴിലാളികളുടെ കുടുംബത്തിന്, ഒരു നേരത്തെ ഭക്ഷണമെത്തിക്കാനുള്ള ശ്രമം ഒരുഭാഗത്തുനിന്നും ഉണ്ടാകുന്നില്ല". സർ, എന്റെ നിയോജകമണ്ഡലത്തിലെ അയണിക്കാട്, പയ്യോളി, കൊയിലാണ്ടി, കോടിയക്കൽ, ഏഴിമുടിയക്കൽ, കാപ്പുത്ത്, കണ്ണൻകടവ് എന്നീ സ്ഥലങ്ങളിൽ മൽസ്യത്തൊഴിലാളികളായ ഏകദേശം 27 ശതമാനം ആളുകൾ പാർക്കുന്നുണ്ട്. അവിടെ ഈയിടെ ഏറത്തുവീട്ടിൽ ഉമ്മർ എന്നൊരു മൽസ്യത്തൊഴിലാളി മരിക്കുകയും ഗവൺമെന്റിൽനിന്ന് അയാളുടെ കുടുംബത്തിന് 15,000 രൂപ നൽകുകയും ചെയ്തു. ഇപ്പോൾ കടലിൽ തോണിയിറക്കാൻപറ്റാത്ത ഒരു സാഹചര്യമാണുള്ളത്. ആ പ്രദേശത്തെ ആളുകൾക്ക് സൗജന്യ റേഷൻ തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും നൽകണമെന്നു ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കൊയിലാണ്ടി ഭാഗത്തുള്ള മൂടാടി കടപ്പുറത്തും മാന്നമംഗലത്തിന്റെ തെക്കുഭാഗത്തും കോടിയക്കൽ കടപ്പുറത്തിന്റെ തെക്കുഭാഗത്തും താലൂക്കാഫീസിന്റെ പുറകുഭാഗത്തും കടലാക്രമണം ഉണ്ടായിട്ടുണ്ട്. അവിടെയെല്ലാം ഉചിതമായ അടിയന്തിരനടപടികൾ സ്വീകരിക്കണമെന്ന് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ദുരിതാശ്വാസത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന് നോർമലായിട്ടുള്ള ഒരു ജനറൽ ഇൻസ്ട്രക്ഷനുണ്ട്. ഓരോ സ്ഥലത്തെ സംബന്ധിച്ചും ഫ്രീ റേഷൻ കൊടുക്കുന്നതിനും വീട് പോയവർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനും ജനറൽ ഗൈഡ്ലൈനുണ്ട്. ആ ഗൈഡ്ലൈനനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly